**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 110**

**02.03.2020 ൽ മറുപടിക്ക്**

## സിംസ് പദ്ധതിയിലെ ആശങ്ക

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ.പി. അനിൽ കുമാർ<br>ശ്രീ. റോജി എം. ജോൺ<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ. വി.ഡി. സതീശൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) പോലീസ് സേനയെ ജനകീയമാക്കുന്നതിനും അവർ ജനങ്ങളുടെ സംരക്ഷകരാണെന്ന തോന്നൽ ഉണ്ടാക്കുന്നതിനും ഉതകുന്ന എന്തൊക്കെ നടപടികളാണ് ഈ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് സേനയെ ജനകീയമാക്കുന്നതിനും, അവർ ജനങ്ങളുടെ സംരക്ഷകരാണെന്ന തോന്നൽ ഉണ്ടാക്കുന്നതിനും, ക്രമസമാധാനപരിപാലന രംഗത്ത് രാജ്യത്തിന് മാതൃകയാകും വിധം ആധുനികവത്കരിക്കുന്നതിനായി പോലീസ് സ്റ്റേഷനുകളിൽ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി ഇൻസ്പെക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥരെ നിയമിച്ച് കുറ്റാന്വേഷണവും ക്രമസമാധാനവും വേർതിരിച്ച് കാര്യക്ഷമമായ പോലീസ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്. എല്ലാ പോലീസ് സ്റ്റേഷനുകളിലും ജനമൈത്രി പോലീസ് സംവിധാനം ശക്തിപ്പെടുത്തിയും സ്ത്രീ സുരക്ഷ മുൻനിർത്തി പിങ്ക് പട്രോൾ പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. പിടിച്ചുപറി, ഗുണ്ടാ ആക്രമണം, കുട്ടികൾക്ക് നേരെയുള്ള ആക്രമണം എന്നിവ തടയുന്നതിന് പോലീസ് പട്രോളിംഗ് സംവിധാനം രാത്രികാലങ്ങളിലടക്കം ശക്തിപ്പെടുത്തിയിട്ടുണ്ട്. മിക്ക ജില്ലകളിലും കോസ്റ്റൽ പോലീസ് സ്റ്റേഷൻ രൂപീകരിച്ചും, ശിശു സൗഹൃദ പോലീസ് സ്റ്റേഷൻ രൂപീകരിച്ചും കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ–ക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്. |

| | | |
|---|---|---|
| | | പ്രധാനപ്പെട്ട സ്ഥലങ്ങളിലും, സ്ഥാപനങ്ങളിലും സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷനുകളിൽ പോകാതെ തന്നെ അവരുടെ പരാതികളും മറ്റും അയയ്ക്കുന്നതിന് ഇന്റർനെറ്റ് വഴിയുള്ള സേവനങ്ങളിലൂടെ സാധിക്കുന്നതാണ്. ഇതിന്റെ ഭാഗമായി CCTNS, GIS, CLUES, THUNA, RAPID, TRACK THE MISISING CHILD എന്നീ പോർട്ടലുകൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. സൈബർഡോം, സൈബർ സെൽ എന്നിവ സ്ഥാപിച്ചതുമൂലം സൈബർ കുറ്റകൃത്യങ്ങൾ പെട്ടെന്ന് അന്വേഷിക്കുന്നതിന് സാധിക്കുന്നതാണ്. കേസന്വേഷണം ശാസ്ത്രീയവും, മികവുറ്റതാക്കുന്നതിനും, പോലീസ് ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ പരിശീലന ക്ലാസ്സുകൾ നടത്തി വരുന്നുണ്ട്. സാമുദായിക സംഘർഷ സാധ്യതയുള്ള സ്ഥലങ്ങളിൽ സൗഹാർദ്ദം നിലനിർത്തുന്നതിനായി രാഷ്ട്രീയ സംഘടനകളുടേയും സാമുദായിക സംഘടനകളുടേയും, പൊതുജനങ്ങളുടേയും സഹകരണത്തോടെ യോഗം വിളിച്ച് കൂട്ടിയിട്ടുള്ളതും, സാമുദായിക സംഘർഷം സൃഷ്ടിക്കുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുവാൻ തീരുമാനി-ച്ചിട്ടുള്ളതുമാണ്. |
| ബി) | സിംസ് പദ്ധതി പ്രകാരം അതിൽ ചേരുന്നവർക്കും യൂസർ ഫീ നൽകുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും പോലീസ് നിരീക്ഷണവും സംരക്ഷണവും നൽകുകയും സിംസിന്റെ ക്യാമറ വെയ്ക്കുന്നതിനോ യൂസർഫീ അടയ്ക്കുന്നതിനോ സാമ്പത്തിക ശേഷി ഇല്ലാത്തവർക്കും | ബി) യും സി) യും — സിംസ് പദ്ധതി സർക്കാരിനോ പോലീസ് വകുപ്പിനോ യാതൊരു വിധ സാമ്പത്തിക ബാധ്യതയും ഉണ്ടാകാത്തവിധമാണ് കെൽട്രോണുമായി ചേർന്നുള്ള ഈ സംരംഭം വിഭാവനം ചെയ്തിട്ടുള്ളത്. പ്രധാനമായും ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ, ജ്വലറികൾ, ഫാക്ടറികൾ തുടങ്ങിയ വ്യാപാര സ്ഥാപനങ്ങളുടെ സുരക്ഷയാണ് ലക്ഷ്യമിടുന്നത്. |

| | |
|---|---|
| സ്ഥാപനങ്ങൾക്കും അത് നിഷേധിക്കുകയും ചെയ്യുന്നത് നീതീകരിക്കത്തക്കതാണോ എന്ന് വ്യക്തമാക്കാമോ; | സർക്കാർ മുതൽമുടക്കില്ലാത്തതിനാൽ ഇതുമായി ബന്ധപ്പെട്ട സാമഗ്രികൾ/ ഉപകരണങ്ങളുടെ ചെലവ് എന്നിവ ഉപഭോക്താക്കൾ തന്നെ വഹിക്കേണ്ടതാണ്. നിശ്ചയിച്ചിട്ടുള്ള നിരക്ക് സംബന്ധിച്ച് വ്യവസായ വകുപ്പ് പരിശോധന നടത്തുന്നതാണ്. |
| (സി) എങ്കിൽ ഇക്കാര്യത്തിൽ ഉളവായിട്ടുള്ള ആശങ്ക പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ? | |

സെക്ഷൻ ഓഫീസർ